**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3407** **04-08-2021 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം നഗരസഭയുടെ മാസ്റ്റർ പ്ലാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം നഗരസഭയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടികൾ സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കുമോ; | (എ) | അമൃത് പദ്ധതിയുടെ ഉപപദ്ധതിയായ 'അമൃത് പട്ടണങ്ങളുടെ GIS അധിഷ്ഠിത മാസ്റ്റർ പ്ലാനുകളുടെ തയ്യാറാക്കൽ' എന്ന കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം നഗരസഭാ പ്രദേശത്തിനു വേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി സാമൂഹിക സാമ്പത്തിക സർവ്വേ, ടെക്നോപാർക്ക് സർവ്വേ, മാർക്കറ്റ് ഏരിയ സർവ്വേ തുടങ്ങിയ പ്രാഥമിക സർവ്വേകൾ നടത്തുകയും കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന്റെ വ്യവസ്ഥ പ്രകാരം സ്പെഷ്യൽ കമ്മിറ്റിയും, വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുകയും വാർഡ്സഭാ യോഗങ്ങൾ നടത്തുകയും അങ്ങനെ ലഭിച്ച നിർദ്ദേശങ്ങളും, മറ്റു വകുപ്പുകളുടെ അഭിപ്രായങ്ങളും പരിഗണിച്ചു തിരുവനന്തപുരം മാസ്റ്റർ പ്ലാനിന്റെ ഒരു കരട് തയ്യാറാക്കിയിട്ടുണ്ട്. ആയതു അമൃത് പദ്ധതിക്കായുള്ള മോണിറ്ററിങ് ആന്റ് റിവ്യൂ കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി കരട് മാസ്റ്റർ പ്ലാനിന് കോർപ്പറേഷൻ കൗൺസിലുമായി ചേർന്ന് ചർച്ച ചെയ്ത് അന്തിമരൂപം നൽകേണ്ടതായുണ്ട്. അപ്രകാരമുള്ള മാസ്റ്റർ പ്ലാനിന്റെ അന്തിമ കരടിന്മേൽ നഗരസഭാ കൗൺസിൽ തീരുമാനം കൈക്കൊണ്ട ശേഷം നഗര-ഗ്രാമാസൂത്രണ ആക്റ്റ് പ്രകാരമുള്ള പ്രസിദ്ധീകരണാനുമതി നഗരസഭ സർക്കാരിൽ നിന്ന് നേടേണ്ടതുണ്ട്. |
| (ബി) | അമൃത് പദ്ധതിയുടെ ഉപപദ്ധതിയായ ഫോർമുലേഷൻ ഓഫ് ജി.ഐ.എസ്. ബേസ്ഡ് മാസ്റ്റർ പ്ലാൻ ഫോർ അമൃത് സിറ്റീസ് -ൽ ഉൾപ്പെടുത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | അമൃത് പദ്ധതിയുടെ ഉപപദ്ധതിയായ 'അമൃത് പട്ടണങ്ങളുടെ GIS അധിഷ്ഠിത മാസ്റ്റർ പ്ലാനുകളുടെ തയ്യാറാക്കൽ' എന്ന കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം നഗരസഭാ പ്രദേശത്തിനു വേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി സാമൂഹിക സാമ്പത്തിക സർവ്വേ, ടെക്നോപാർക്ക് സർവ്വേ, മാർക്കറ്റ് ഏരിയ സർവ്വേ തുടങ്ങിയ പ്രാഥമിക സർവ്വേകൾ |

| | | | |
|---|---|---|---|
| | | | നടത്തുകയും കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന്റെ വ്യവസ്ഥ പ്രകാരം സ്പെഷ്യൽ കമ്മിറ്റിയും, വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കുകയും വാർഡ്സഭാ യോഗങ്ങൾ നടത്തുകയും അങ്ങനെ ലഭിച്ച നിർദ്ദേശങ്ങളും, മറ്റ് വകുപ്പുകളുടെ അഭിപ്രായങ്ങളും പരിഗണിച്ച് തിരുവനന്തപുരം മാസ്റ്റർ പ്ലാനിന്റെ ഒരു കരട് തയ്യാറാക്കിയിട്ടുണ്ട്. ആയത് അമൃത് പദ്ധതിക്കായുള്ള മോണിറ്ററിങ് ആന്റ് റിവ്യൂ കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി കരട് മാസ്റ്റർ പ്ലാനിന് കോർപ്പറേഷൻ കൗൺസിലുമായി ചേർന്ന് ചർച്ച ചെയ്ത് അന്തിമരൂപം നൽകേണ്ടതായുണ്ട്. അപ്രകാരമുള്ള മാസ്റ്റർ പ്ലാനിന്റെ അന്തിമ കരടിന്മേൽ നഗരസഭാ കൗൺസിൽ തീരുമാനം കൈക്കൊണ്ട ശേഷം നഗര-ഗ്രാമാസൂത്രണ ആക്റ്റ് പ്രകാരമുള്ള പ്രസിദ്ധീകരണാനുമതി നഗരസഭ സർക്കാരിൽ നിന്ന് നേടേണ്ടതുണ്ട്. |
| (സി) | ഗ്രീൻ ടു പ്ലാൻഡ് ഡെവലപ്പ്മെന്റ് സോൺ, റെസിഡൻഷ്യൽ സോൺ എന്നിവിടങ്ങളിൽ കെട്ടിടം നിർമ്മിക്കുവാൻ നിലവിലെ നിയന്ത്രണങ്ങൾ നീക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | പുതുക്കി തയ്യാറാക്കുന്ന കരട് മാസ്റ്റർ പ്ലാൻ പ്രാബല്യത്തിൽ വരുന്ന മുറക്ക് നിലവിലുള്ള ഗ്രീൻ-ടു-പ്ലാൻഡ് സോൺ, റെസിഡൻഷ്യൽ സോൺ തുടങ്ങിയ മേഖലാ നിയന്ത്രണങ്ങളിൽ ഉചിതമായ മാറ്റങ്ങൾ വരുന്നതാണ്. |
| (ഡി) | 2021 വർഷത്തിൽ ഹരിത-ആസൂത്രിത വികസന സോണിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ കെട്ടിടങ്ങൾ നിർമ്മിക്കുവാനുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര അപേക്ഷകൾക്ക് അനുവാദം നൽകിയിട്ടുണ്ട്; എത്ര എണ്ണം നിരസിച്ചിട്ടുണ്ട്; അറിയിക്കുമോ? | (ഡി) | ഹരിത ആസൂത്രിത വികസന സോണിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ കെട്ടിട നിർമ്മാണത്തിനായി ആകെ 150 അപേക്ഷകൾ തിരുവനന്തപുരം കോർപ്പറേഷനിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ 140 അപേക്ഷകൾക്ക് അനുവാദം നൽകിയിട്ടുണ്ട്. 6 അപേക്ഷകളിൽ ആർ.റ്റി.പി. കൺകറൻസ് ലഭിക്കുന്നതിനായി നൽകിയിട്ടുണ്ട്. 4 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ